"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് സ്കൂളുകളിൽ 2019-2020 അധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-2021 സ്കൂൾ വർഷാവസാനം വരെ സമയപരിധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(കൈ) നം.58/2021/പൊ.വി.വ** തീയതി.തിരുവനന്തപുരം, 12/02/2021

---

പരാമർശം:-

സ.ഉ (കൈ) നം. 194/2019/പൊവിവ തീയതി 15/11/2019

**<u>ഉത്തരവ്</u>**

31-03-2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2020-2021 അധ്യയന വർഷാരംഭം വരെ ദീർഘിപ്പിക്കുകയും 31-03-2019 വരെ നിയമിതരായവരിൽ പ്രസ്തുത യോഗ്യതയുടെ അഭാവത്തിൽ നിയമനാംഗീകാരം ലഭിക്കാത്തവർക്ക് മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ നിയമനാംഗീകാരം നൽകുവാനും പരാമർശിത ഉത്തരവ് പ്രകാരം നിർദേശിച്ചിരുന്നു . പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ദീർഘിപ്പിച്ചുനൽകണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു

2) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് പരീക്ഷകൾ നിശ്ചിത സമയത്തിനകം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ, 2019-2020 വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പാസാകുന്നതിന് 2020-2021 സ്കൂൾ വർഷാവസാനം വരെ സമയപരിധി ദീർഘിപ്പിച്ച് നല്കി ഉത്തരവാകുന്നു. 2019-2020 വർഷം വരെ നിയമിതരായ അദ്ധ്യാപകർ കെ-ടെറ്റ് യോഗ്യത നേടാത്തതുമൂലം നിയമനാംഗീകാരം നല്കാത്ത കേസുകൾ മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ അപ്പലേറ്റ് ഉത്തരവു കൂടാതെ വിദ്യാഭ്യാസ ഓഫീസർമാർ തീർപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**